(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുമൂലമുണ്ടാകാവുന്ന അപകടങ്ങളെ ഗൗരവപൂർവ്വം കണക്കിലെടുത്തിട്ടുണ്ട്.

(ബി) അറ്റോമിക് എനർജി റേഡിയേഷൻ പ്രൊട്ടക്ഷൻ റൂൾസ് 2004 സെക്ഷൻ 3 പ്രകാരം എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ലൈസൻസ് നിർബന്ധമാണ്. സംസ്ഥാനത്ത് ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റി ആണ് എക്സ്റേ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള Atomic Energy Regulatory Board Licence നൽകുന്നത്. എക്സ്റേ സ്ഥാപിക്കാൻ 18^{m2} ലുള്ള മുറിയാണ് വേണ്ടത്. ചുമരുകൾ 9 inch കനത്തിലായിരിക്കണം. ജനലുകൾ പാടില്ല. Atomic Energy Regulatory Board-ൽ അംഗീകാരം ലഭിച്ച സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന എക്സ്റേ മെഷീനുകളേ സ്ഥാപിക്കാൻ പാടുള്ളൂ എന്നിവ അതിനുള്ള ചില മാനദണ്ഡങ്ങളാണ്. വിശദവിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(സി) ഉണ്ട്. ഇന്ത്യയിലെ ആദ്യത്തെ റേഡിയേഷൻ സുരക്ഷാകാര്യാലയം കേരളത്തിൽ 1998-ൽ സ്ഥാപിതമായി. പ്രസ്തുത സ്ഥാപനമാണ് AERB licence നൽകുന്നത്. ലൈസൻസിനുവേണ്ടി അപേക്ഷിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ റേഡിയേഷൻ സുരക്ഷാ വകുപ്പ് പരിശോധന നടത്തിവരികയാണ്.

സ്പൈസസ്സ് റൂട്ട് പദ്ധതി

20 (*230) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പ് സ്പൈസസ്സ് റൂട്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ യെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) വിനോദസഞ്ചാര വികസനത്തിന് പ്രസ്തുത പദ്ധതി എത്രമാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് ആരെല്ലാമാണ് പിന്തുണ നൽകുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) ഉണ്ട്. അന്താരാഷ്ട്ര സംഘടനയായ UNESCO യുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. കേരള ടൂറിസവും UNESCO യും പദ്ധതിക്കായി ഒരു MoU ഒപ്പു വച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും പദ്ധതി പ്രാവർത്തികമാക്കുന്നതിനുവേണ്ടി ഒരു വിദഗ്ദ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. പുരാതന കാലത്ത് ഇന്ത്യയുമായി വ്യാപാരബന്ധം പുലർത്തിയിരുന്ന ഏഷ്യ, ഫാർഈസ്റ്റ് ആഫ്രിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെ 31 ഓളം രാജ്യങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പുരാതന ട്രേഡ് റൂട്ട് പുനരുദ്ധരിക്കുന്നതിലൂടെ പ്രസ്തുത രാജ്യങ്ങളുമായുള്ള വ്യാപാര ബന്ധം മെച്ചപ്പെടുത്തുക, സാംസ്കാരികവും ചരിത്ര പരവുമായ ബന്ധം വിപുലീകരിക്കുക.

2. സ്പൈസ് റൂട്ടിൽ ഉൾപ്പെടുന്ന രാജ്യങ്ങളിലെ പൈതൃക നഗരങ്ങളുടെയും കേന്ദ്രങ്ങളുടെയും സംരക്ഷണവും പ്രോത്സാഹനവും.

3. ഈ പാത കടന്നുപോകുന്ന പ്രദേശങ്ങളിൽ സ്പൈസസ് റൂട്ടിനെ സമാധാനത്തിന്റെ മാധ്യമമായി രൂപപ്പെടുത്തുക.

4. ആഗോള സഞ്ചാരികൾക്കായി ഒരു പുതിയ സഞ്ചാര മാർഗ്ഗം സൃഷ്ടിക്കുക.

5. ആഗോളതലത്തിൽ സ്പൈസസ് റൂട്ട് ടൂറുകൾ വലിയ തോതിൽ പ്രോത്സാഹിപ്പിക്കുക.

(സി) ഇന്ത്യയിലെ ഏറ്റവും വലിയ പൈതൃക പദ്ധതികളിൽ ഒന്നായതിനാൽ സ്പൈസസ് റൂട്ട് പദ്ധതി അന്താരാഷ്ട്ര തലത്തിൽ തന്നെ കേരള വിനോദസഞ്ചാര മേഖലയ്ക്ക് വലിയ നേട്ടം കൈവരിക്കാൻ പര്യാപ്തമാകുന്ന ഒന്നാണ്. ആഗോള സഞ്ചാരികൾക്കായി ഒരു പുതിയ സഞ്ചാര മാർഗ്ഗം സൃഷ്ടിക്കുവാനും സ്പൈസസ് റൂട്ട് ടൂറുകൾ പ്രോത്സാഹിപ്പിക്കുവാനും ഈ പദ്ധതി സഹായകമാകുന്നു. പുരാതന ട്രേഡ് റൂട്ട് പുനരുദ്ധാരണത്തിലൂടെ വിനോദസഞ്ചാര മേഖലയിൽ ഒരു നൂതന വിപണന മേഖല ഉറന്നുതരുന്നതാണ്.

(ഡി) UNESCO, UNWTO എന്നീ അന്താരാഷ്ട്ര സംഘടനകളാണ് ഈ പദ്ധതിക്ക് പിൻതുണ നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly